**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1410** **30-08-2022 - ൽ മറുപടിയ്ക്ക്**

**ഉർദു ഹൈസ്കൂൾ അദ്ധ്യാപക പരിശീലന കോഴ്സ് പുനസ്ഥാപിക്കുന്നതിനുള്ള നടപടി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഉർദു ഹൈസ്കൂൾ അദ്ധ്യാപക പരിശീലന കോഴ്സായ ഡിപ്ലോമ ഇൻ ലാംഗ്വേജ് എഡ്യുക്കേഷൻ (ഡി. എൽ.ഇ.ഡി. ) നിർത്തലാക്കിയിട്ടുണ്ടോ,എങ്കിൽ ആയത് പുനസ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ; | (എ) | കോഴ്സ് നിർത്തലാക്കിയിട്ടില്ല. ഒരു വർഷ ഡി.എൽ.എഡ് (ഹിന്ദി, അറബിക്, ഉറുദു, സംസ്കൃതം) കോഴ്സുകൾ രണ്ട് വർഷമാക്കി പരിഷ്ക്കരിച്ച് മേൽ വിഷയങ്ങൾക്ക് പ്രൈമറി തലത്തിൽ അദ്ധ്യാപകരാകുന്നതിന് യോഗ്യതയായി നിശ്ചയിച്ചിട്ടുണ്ട്. |
| (ബി) | തലശ്ശേരി ഗവണ്മെന്റ് ട്രെയിനിംഗ് കോളേജിൽ ഉർദു ബി.എഡ്. കോഴ്സ് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കോഴ്സ് ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്നത് വിശദമാക്കുമോ.; | (ബി) | തലശ്ശേരി ഗവൺമെന്റ് ട്രെയിനിംഗ് കോളേജിൽ ഉർദു ബി.എഡ്. കോഴ്സ് ഇല്ല. |
| (സി) | പത്താം തരം വരെ ഒന്നാം ഭാഷയായി ഉർദു പഠിച്ച മുഴുവൻ വിദ്യാർത്ഥികൾക്കും ഹയർ സെക്കണ്ടറിയിലും ഉർദു ഭാഷ പഠിക്കാൻ സംവിധാനമുണ്ടോ, ഇല്ലെങ്കിൽ ഉർദു ഭാഷാ പഠന സൗകര്യം വിപുലപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ? | (സി) | ഹയർ സെക്കന്ററിയിൽ ഒന്നാം ഭാഷ ഇംഗ്ലീഷാണ്. കൂടാതെ അനുവദിച്ചിട്ടുള്ള സ്കൂളുകളിൽ ഉറുദു രണ്ടാം ഉപഭാഷയായി പഠിക്കാനുള്ള സൗകര്യമുണ്ട്. സർക്കാർ അംഗീകരിച്ച വിഷയ കോമ്പിനേഷനുകളാണ് ഹയർസെക്കന്ററിയിൽ വർഷങ്ങളായി നിലനിൽക്കുന്നത്. അതിൽ മാറ്റം വരുത്തണമെങ്കിൽ സ്കൂളുകളിൽ നിലനിൽക്കുന്ന വിഷയകോമ്പിനേഷനുകളെയും അധ്യാപക തസ്തികകളെയും ആയത് എപ്രകാരം ബാധിക്കുമെന്നുൾപ്പെടെയുള്ള കാര്യങ്ങളിൽ പഠനവും വിലയിരുത്തലും ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ